**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128** **07-12-2022 - ൽ മറുപടിയ്ക്ക്**

**ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജെക്ടിന്റെ നിർവഹണ ചുമതലയിൽ നടന്നുവരുന്ന ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലേക്ക് എത്തുന്ന പറവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീററർ മുതൽ 23000 മീറ്റർ വരെയുള്ള കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ മെക്കാനിക്കൽ - പ്രവൃത്തികളിൽ ടെസ്റ്റ് ഒഴികെയുള്ളവ പൂർത്തീകരിച്ചു.<br>ഇലക്ട്രിക്കൽ പ്രവൃത്തികൾ - ഇലക്ട്രിക്കൽ ടെസ്റ്റ് ഒഴികെയുള്ളവ പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ട പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ പൂർത്തീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ലിഫ്റ്റിന് ശേഷമുള്ള **പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 23000 മീറ്റർ മുതൽ 32330 മീറ്റർ വരെയുള്ള കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.**<br>**പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഉപകനാലു കളായ കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറി, പൂതക്കുളം ഡിസ്ട്രിബ്യൂട്ടറി എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കി വരികയാണ്.** |

സെക്ഷൻ ഓഫീസർ